**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 129** **10-06-2024 - ൽ മറുപടിയ്ക്ക്**

**പോലീസ് മർദ്ദനം സംബന്ധിച്ച പരാതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിലെ അരിമ്പൂർ പഞ്ചായത്തിലെ താമസക്കാരനായ വടക്കുംതല വീട്ടിൽ ശ്രീ. സുനിൽ കുമാറിനേയും മറ്റും അന്തിക്കാട് പോലീസ് മർദ്ദിച്ചെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>സുനിൽകുമാർ എന്നയാളെ അന്തിക്കാട് പോലീസ് മർദ്ദിച്ചതായ പരാതിയിലെ ആരോപണത്തിൻമേൽ അന്വേഷണം നടത്തി വരുന്നു. ടി പരാതിയിന്മേലുള്ള അന്വേഷണത്തിൽ അന്തിക്കാട് പോലീസ് സ്റ്റേഷൻ പരിധിയിലെ നമ്പോർക്കാവ് അമ്പലത്തിലെ ഉത്സവം നടക്കുന്നതിനിടയിൽ അമ്പലപ്പറമ്പിൽ വാടാനപ്പിള്ളി വടക്കുംതല വീട്ടിൽ സുനിൽകുമാറും, വെളുത്തൂർ ദേശത്ത് പുള്ളിക്കൽ വീട്ടിൽ അഖിൽ മോഹൻ, വെളുത്തൂർ ദേശത്ത് ചെറുപറമ്പിൽ വീട്ടിൽ മിഥുൻ എന്നിവർ ലഹരിക്കടിമപ്പെട്ട് അടിപിടി കൂടി പൊതു ജനങ്ങൾക്ക് ശല്യമുണ്ടാക്കുന്നത് അന്തിക്കാട് സബ് ഇൻസ്പെക്ടറും പോലീസ് പാർട്ടിയും കാണപ്പെട്ട പ്രകാരം ടിയാൻമാരെ അറസ്റ്റ് ചെയ്ത് സ്റ്റേഷനിൽ കൊണ്ട് വന്ന് അന്തിക്കാട് പോലീസ് സ്റ്റേഷനിൽ ക്രൈം. 548/24 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിരുന്നു. അറസ്റ്റ് ചെയ്തവരെ ഉടൻ വിട്ടയച്ചാൽ വീണ്ടും ഉത്സവപറമ്പിൽ പ്രശ്നങ്ങൾ ഉണ്ടാക്കുമെന്ന് കരുതിയും, മദ്യലഹരിയിൽ ആയിരുന്നതിനാലും അവരെ പിറ്റേ ദിവസം ജാമ്യത്തിൽ വിട്ടയച്ചിട്ടുള്ളതാണ്. സുനിൽ കുമാറിനേയും മറ്റ് പ്രതികളെയും മെഡിക്കൽ പരിശോധന നടത്തിയിട്ടുള്ളതും യാതൊരു പരിക്കുകളും ഡോക്ടർ രേഖപ്പെടുത്തിയിട്ടില്ലാത്തതുമാണ്. പരാതിയിൻമേൽ തൃശ്ശൂർ റൂറൽ സ്പെഷ്യൽ ബ്രാഞ്ച് ഡി.വൈ.എസ്.പി വിശദമായ അന്വേഷണം നടത്തിവരുന്നു. |
| (ബി) | പ്രസ്തുത പരാതിയിന്മേൽ സ്വീകരിച്ച തുടർ നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ? | (ബി) | ഉത്തരം (A) യിൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ